പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *619** **31.10.2016-ൽ മറുപടിയ്ക്ക്**

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.എം. മുകേഷ് : | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11.09.2015-ലെ ജി.ഒ.(എം.എസ്) നം.74/2015/പി.ഡബ്ല്യൂ.ഡി പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന് 12.08.2015-ന് വിശദമായ പദ്ധതി രേഖ സമർപ്പിച്ചിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി.യെ നിയമിച്ചു. ഡിപ്പോ/യാർഡ് നിർമ്മാണത്തിനായി തിരുവനന്തപുരത്ത് 19.54716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതികൾക്കായി തിരുവനന്തപുരത്ത് 4.7593 ഹെക്ടറും കോഴിക്കോട് 1.4474 ഹെക്ടറും സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായി. |
| (ബി) പദ്ധതികൾക്കുള്ള കൺസൾട്ടന്റിനെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സ്ഥാപനമാണ്; എന്തൊക്കെ ചുമതലകൾ ഏൽപ്പിച്ചിട്ടുണ്ട്; | (ബി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി.യെ നിയമിച്ചിട്ടുണ്ട്. ഡി.എം.ആർ.സി-യുടെ ചുമതലകൾ താഴെ പറയുന്നു.<br>1. സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ തയ്യാറാക്കുക. |

2. ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക.
3. പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക.
4. ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും, ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക.
5. കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ സാങ്കേതിക ഉപദേശം/ വിവരങ്ങൾ ലഭ്യമാക്കുക.

| | | |
|---|---|---|
| **(സി)** | സ്ഥലം ഏറ്റെടുപ്പിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അലൈൻമെന്റ് നിശ്ചയിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ ഓഫീസ് സ്ഥാപിച്ചിട്ടുണ്ടോ; | (സി) ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതി യോടനുബന്ധിച്ച് തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ സ്ഥലങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി 2.77 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും, തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും, ഏറ്റെടുക്കുന്നതിനുള്ള അനുമതിയും 08.09.2016-ലെ ജി.ഒ. (എം.എസ്) നം.67/2016/പി.ഡബ്ല്യൂ.ഡി പ്രകാരം നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ അതാത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു ഡെപ്യൂട്ടി കളക്ടർ/സബ് ഡിവിഷണൽ ഓഫീസറും ആവശ്യമായ മറ്റു സ്റ്റാഫിനേയും നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിനായി രൂപീകരിച്ച എസ്.പി.വി (Special Purpose Vehicle) ആയ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് ആണ് പദ്ധതിക്കാ വശ്യമായ സ്ഥലമേറ്റെടുപ്പിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്. ഡി.എം.ആർ.സി. തയ്യാറാക്കിയ രൂപരേഖയ്ക്കും, വിശദാംശങ്ങൾക്കും അനുസൃത |

മായാണ് സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നത്.

**(ഡി)** പദ്ധതികൾക്കുള്ള ഫണ്ടിംഗ് രീതിയും ഏജൻസിയും നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**(ഡി)** പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും, ബാക്കി 60% തദ്ദേശ/വിദേശ ഏജൻസികളിൽ നിന്ന് വായ്പയായും കണ്ടെത്തണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതു കൂടാതെ ഫ്ലൈഓവർ നിർമ്മാണം, സ്ഥലമേറ്റെടുപ്പ് എന്നിവയ്ക്ക് ആവശ്യമായ തുക KIIFB മുഖേന കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്കാവശ്യമായ വായ്പ ഫ്രഞ്ച് ഏജൻസിയായ എ.എഫ്.ഡി-യിൽ നിന്ന് സമാഹരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ